# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 04 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസർമാർക്കെതിരെ കർശന നടപടി : മന്ത്രി ഇ ചന്ദ്രശേഖരൻ

സർഫാസി ആക്ടനുസരിച്ച് സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിനുള്ള ഡിമാന്റ് നോട്ടീസ് വരുന്ന കേസുകളിൽ വില്ലേജ് ഓഫീസർമാർ ഭൂനികുതി സ്വീകരിക്കുന്നില്ലെന്ന വ്യാപകമായ പരാതി പരിഹരിക്കുമെന്ന ഇങ്ങനെ ക്രമ വിരുദ്ധമായി പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും റവന്യൂ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ നിയമ സഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു. സ്ഥാവര വസ്തുക്കൾ ജപ്തി ചെയ്യുന്നതിന് മുന്നോടിയായി ഡിമാന്റ് നോട്ടീസ് നടത്തിയത് കൊണ്ടോ മുപ്പത്താറാം വകുപ്പ് പ്രകാരം ജപ്തി ചെയ്തുകൊണ്ടോ മാത്രം വീഴ്ച്ചക്കാരന് തന്റെ വസ്തുവിലുള്ള ഉടമസ്ഥാവകാശങ്ങൾക്കോ അവകാശ ബന്ധങ്ങൾക്കോ യാതൊരു കോട്ടവും സംഭവിക്കുന്നില്ലെന്ന് മന്ത്രി വ്യക്തമാക്കി. ലേല സ്ഥിരീകരണശേഷം മാതമേ ലേല തിയ്യതി പ്രാബല്യത്തിൽ വീഴ്ച്ചക്കാരന് തന്റെ ഭൂമിയിലുള്ള ഇത്തരം അവകാശങ്ങൾ ഇല്ലാതാകുകയുള്ളൂ. അതിനാൽ തന്നെ ലേല തിയ്യതി വരേയും വീഴ്ച്ചക്കാരനിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിനോ ഭൂമി സംബന്ധമായ സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിനോ തടസ്സമില്ല. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ നികുതി രസീതിലും സാക്ഷ്യപത്രങ്ങളിലും ജപ്തി സംബന്ധിച്ച റിമാർക്സ്, കുടിശ്ശിക തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തിയാകും നൽകുക. മറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. നിയമസഭയിൽ കയ്പമംഗലം എം എൽ എ ഇ.ടി. ടൈസൺ മാസ്റ്ററുടെ ചോദ്യത്തിന് ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

## എസ്. ഷാജഹാൻ ജില്ലാ കളക്ടറായി ഇന്ന് (ജൂലൈ അഞ്ച്) ചുമതലയേൽക്കും

തൃശൂർ ജില്ലാ കളക്ടറായി നിയമിതനായ എസ്. ഷാജഹാൻ ഇന്ന് (ജൂലൈ അഞ്ച്) രാവിലെ 9.30ന് കളക്ടറേറ്റിലെത്തി ചുമതലയേൽക്കും. സഹകരണ വകുപ്പ് രജിസ്ട്രാർ ആയിരിക്കേയാണ് തൃശൂർ ജില്ലാ കളക്ടറാവുന്നത്. കോട്ടയം ജില്ലയിലെ മുണ്ടക്കയം സ്വദേശിയാണ്. സോഷ്യോളജിയിലും ബിസിനസ് മാനേജ്മെൻറിലും ബിരുദാനന്തര ബിരുദധാരിയായ അദ്ദേഹം 2006ൽ എറണാകുളം ജില്ലയിൽ ഡെപ്യൂട്ടി കളക്ടറായി ജോലിയിൽ പ്രവേശിച്ചു. 2016ൽ തൃശൂർ ജില്ലയിൽ ദേശീയപാത സ്ഥലമെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടറായിരിക്കേയാണ് ഐ.എ.എസ് ലഭിച്ചത്. തുടർന്ന് ലോട്ടറി വകുപ്പ് ഡയറക്ടർ, നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നീ തസ്തികകളിൽ പ്രവർത്തിച്ചു. പിതാവ്: ബി. ഷംസുദ്ദീൻ ആലപ്പുഴ, എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ടായിരുന്നു. മാതാവ്: പി.എ. റഹീമ ബീവി. ഭാര്യ: ജസീന. മക്കൾ: ആമേൻ, റൈഹാൻ.

# പാസ്സിങ് ഔട്ട് പരേഡ് ഒമ്പതിന്

തൃശൂർ സ്റ്റേറ്റ് എക്സൈസ് അക്കാദമി ആൻഡ് റിസർച്ച് സെന്ററിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ 51 സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസ്സിങ് ഔട്ട് പരേഡ് ജൂലൈ ഒൻപതിന് രാവിലെ 7.30 ന് നടക്കും. എക്സൈസ് വകുപ്പ് മന്ത്രി ടി പി രാമകൃഷ്ണൻ മുഖ്യാതിഥിയാകും. എക്സൈസ് കമ്മീഷണർ, അഡീഷണൽ എക്സൈസ് കമ്മീഷണർ, അക്കാദമി പ്രിൻസിപ്പൽ തുടങ്ങിയവർ പങ്കെടുക്കും.

# ഭിന്നശേഷിക്കാർക്ക് സൗജന്യപരിശീലനം തുടങ്ങി

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം നടത്തുന്ന 30 ദിവസത്തെ സൗജന്യപരിശീലനം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഹാളിൽ എൻ കെ ഉദയപ്രകാശൻ ഉദ്ഘാടനം ചെയ്തു. എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ പി കെ മോഹനദാസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (ഇൻചാർജ്ജ്) എൻ ബി ശശികുമാർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ ആർ സുമേഷ്, എംപ്ലോയ്മെന്റ് ഓഫീസർ എം ജയശ്രീബീന, എംപ്ലോയ്മെന്റ് ഓഫീസർ (വൊക്കേഷണൽ ഗൈഡൻസ്) വി എം ഹംസ, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ ഷാജു ലോനപ്പൻ തുടങ്ങിയവർ പങ്കെടുത്തു. പരിശീലനത്തിൽ 40 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.

# മുകുന്ദപുരം താലൂക്ക് വായനാപക്ഷാചാരണ സമാപനം ഏഴിന്

മുകുന്ദപുരം താലൂക്കിലെ വായനാപക്ഷാചാരണ പരിപാടികളുടെ സമാപനം ജൂലൈ ഏഴിന് രാവിലെ 10.30 ന് വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും. അരുണൻ മാസ്റ്റർ എംഎൽഎ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യും. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തും മുകുന്ദപുരം താലൂക്ക് ലൈബ്രറി കൗൺസിലും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി അംഗീകൃത വായനശാലകൾക്കുള്ള ബാലസാഹിത്യ കോർണർ ഉദ്ഘാടനം കേരള സംഗീത നാടക അക്കാദമി സെക്രട്ടറി എൻ. രാധാകൃഷ്ണൻ നായരും മൈക്ക് സെറ്റ് വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ. ഉദയപ്രകാശും നിർവഹിക്കും. വി.ആർ. സുനിൽകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ ഹരി ഐ.വി. ദാസ് അനുസ്മരണം നടത്തും. ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ബ്ലോക്ക് പരിധിയിലെ 16 വായനശാലകൾക്ക് പുസ്തകങ്ങളും ആറ് വായനശാലകൾക്ക് മൈക്ക് സെറ്റും നൽകുന്നത്. വിവിധ മേഖലകളിൽ മികവ് പുലർത്തിയവർക്ക് ആദരവും വായനാപക്ഷാചരണ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും നടക്കും.

# അന്നമനട പഞ്ചായത്തിൽ ആനുകൂല്യങ്ങൾ

അന്നമനട പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, മത്സ്യക്കുളം, കംപോസ്റ്റ് പിറ്റ്, സോക്പിറ്റ് എന്നിവ വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. കൂടുതൽ വിവരങ്ങൾക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0480- 2770024.

# ജില്ലാ ശിശുക്ഷേമ സമിതി യോഗം

ജില്ലാ ശിശുക്ഷേമ സമിതി യോഗം ജൂലൈ 16 വൈകീട്ട് മൂന്നിന് തൃശൂർ അസിസ്റ്റന്റ്ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ ചേമ്പറിൽ ചേരും.

# ആതുരസേവനാലയം ചാലക്കുടി മോഡൽ

പ്രളയം തകർത്തെറിഞ്ഞ ചാലക്കുടി ഇന്ന് തിരിച്ചറിയാനാവാത്തവിധം മാറിയിരിക്കുന്നു. ഈ മാറ്റം വളരെ പ്രകടമായി അറിയുക ചാലക്കുടി താലൂക്ക് ആശുപത്രിയിൽ എത്തുമ്പോളാണ്. ഇന്ത്യയിൽതന്നെ മികച്ച സേവനങ്ങൾ നൽകുന്ന സർക്കാർ ആശുപത്രികളിൽ ഒന്നാം സ്ഥാനം എൻ.ക്യൂ .എ.എസ് അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രി എന്ന ബഹുമതി ഇവിടേക്ക് ലഭിച്ചിട്ട് അധികകാലമായില്ല. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, സഹകരണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ഡോക്ടർമാർ, ആരോഗ്യമേഖലയിലെ വിവിധ സംഘടനകൾ എന്നിവരുടെ അകമഴിഞ്ഞ സഹായമാണ് ഈ ആശുപത്രിയുടെ ഇന്നുനാം കാണുന്ന പുരോഗതിക്കുപിന്നിൽ.

2018 ലെ പ്രളയത്തിൽ ചാലക്കുടി പുഴയോട് ചേർന്ന് കിടക്കുന്ന ആശുപത്രിയിൽ 10 അടിയോളം വെള്ളം കയറി. ആശുപത്രി ഫർമസിയിലേക്കും ഒ പി ബ്ലോക്കിലേക്കും സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിലേക്കും വെള്ളം ഇരച്ചു കയറിയത് നിമിഷങ്ങൾക്കുള്ളിലായിരുന്നു. ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, മാമ്മോഗ്രാം യൂണിറ്റ് തുടങ്ങിയ അത്യാധുനിക സജ്ജീകരണങ്ങൾ എല്ലാം താറുമാറായി. രോഗികളെ കൃത്യമായി മാറ്റി താമസിപ്പിക്കാൻ സാധിച്ചുവെങ്കിലും ഉപകരണങ്ങൾ എല്ലാം നാശമായി. 15.5 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയത്.

തകർച്ചയേക്കാൾ വേഗത്തിലുള്ള ഉയിർത്തെഴുനേൽപ്പിനാണ് പിന്നീട് ഈ ആശുപത്രി സാക്ഷ്യം വഹിച്ചത്. അടിയന്തര സഹായമായി സഹകരണ സ്ഥാപനങ്ങൾ നൽകിയ സഹായത്താൽ ഡയാലിസിസ്, മാമ്മോഗ്രാം ഫ്രീസറുകൾ, മൂന്ന് ഡെന്റൽ ചെയർ, എക്സ്റേ, കംപ്യൂട്ടറുകൾ, ഇഎൻടി ഉപകരണങ്ങൾ എന്നിവയെല്ലാം പൂർണമായി പുനഃസ്ഥാപിച്ചു. കേന്ദ്ര സഹായത്തോടെ കെട്ടിടങ്ങളും മറ്റുസൗകര്യങ്ങളും ഒരുക്കി. ഇനിയൊരു പ്രളയം വന്നാൽ നാശനഷ്ടങ്ങൾ വരാതിരിക്കാൻ വേണ്ട കരുതലോടെയാണ് ഇപ്പോൾ ഇവിടെ നടക്കുന്ന പ്രവർത്തനങ്ങൾ. നിർമാണം പൂർത്തിയായ ഒ പി ബ്ലോക്ക്, സൂപ്രണ്ടിന്റെ ഓഫീസ്, സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം എന്നിവയുടെ മുകളിൽ റാമ്പോടുകൂടി ഓരോ നിലകൾ കൂടി നിർമിക്കാനാണ് പദ്ധതി. ട്രോമ കെയർ യൂണിറ്റ്, മെഡിക്കൽ ഐസിയു, ആശുപത്രിയിലെത്തുന്ന ആദിവാസി ജനവിഭാഗങ്ങൾക്ക് കൂടാരം എന്നപേരിൽ വിശ്രമകേന്ദ്രം, സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റ് എന്നിവയെല്ലാം ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ്. സംസ്ഥാന ലഹരി വർജക മിഷൻ 14 ജില്ലകളിലെ ജില്ലാശുപത്രികളിൽ ആരംഭിച്ച ഡി-അഡിക്ഷൻ കേന്ദ്രം ചാലക്കുടി താലൂക്ക് ആശുപത്രിയിലാണ് പ്രവർത്തിക്കുന്നത്.

സ്വകാര്യ ആശുപത്രികളോട് കിടപിടിക്കുന്ന ആധുനിക സൗകര്യങ്ങൾക്ക് പുറമെ സേവന സന്നദ്ധരായ ഡോക്ടർമാരും ജീവനക്കാരുമാണ് ഈ ആശുപത്രിയുടെ വിജയത്തിന് പിന്നിൽ. മാലിന്യ നിർമാർജനം, രോഗികളോടുള്ള സമീപനം, ശുചിത്വം എന്നിവയാണ് ചാലക്കുടി താലൂക്ക് ആശുപത്രിയെ മുൻപന്തിയിൽ നിർത്തുന്നത്. സർക്കാർ സ്ഥാപനങ്ങൾക്കു പുറമെ ഡോക്ടർമാരും ഡോക്ടർമാരുടെ സംഘടനകളും നിരവധി സംഭാവനകൾ ഇവിടേയ്ക്ക് നൽകിയിട്ടുണ്ട്.

# മിഴാവ് ചിത്രകലാ ക്യാംപ്

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരക ത്തിൽ ജൂലൈ അഞ്ച് മുതൽ ഒൻപത് വരെ 'മിഴാവ്' ചിത്രകലാ ക്യാംപ് സംഘടിപ്പിക്കുന്നു. ജൂലൈ അഞ്ചിന് രാവിലെ 10 ന് പി.കെ. നാരായണൻ നമ്പ്യാർ ഉദ്ഘാടനം നിർവ്വഹിക്കും. അക്കാദമി ചെയർമാൻ നേമം പുഷ്പരാജ് അദ്ധ്യക്ഷത വഹിക്കും. കുഞ്ചൻ നമ്പ്യാർ സ്മാരകം ചെയർമാൻ ഇ. രാമചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. കേരള സംഗീത നാടക അക്കാദമി സെക്ര ട്ടറി എൻ. രാധാകൃഷ്ണൻ നായർ മുഖ്യാതിഥിയാകും. കേരള ലളിതകലാ അക്കാദമി സെക്രട്ടറി

പൊന്ന്യം ചന്ദ്രൻ സ്വാഗതവും കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി എ.കെ. ചന്ദ്രൻകുട്ടി നന്ദിയും പറയും.

## പ്രൊജക്ട് ഫെല്ലോ ഒഴിവ്

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ പ്രൊജക്ട് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി, പ്ലാന്റ് സയൻസ്, ഫോറസ്ട്രി, വൈൽഡ് ലൈഫ് സയൻസ്, ലൈഫ് സയൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നാക്ക വിഭാഗകാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ 16, 17 തീയതികളിൽ രാവിലെ 10 ന് പീച്ചി ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2690100.

## വനിതാ ശാക്തീകരണ ശിൽപശാല

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ടൗൺ ഹാളിൽ വനിത ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജെന്നി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. മണ്ണുത്തി വെറ്ററിനറി കോളേജ് അസി. പ്രൊഫസർ ഡോ. എ പ്രസാദ് 'വനിതാ ശാക്തീകരണം ക്ഷീരമേഖലയിലൂടെ' എന്ന വിഷയത്തിൽ സെമിനാർ അവതരിപ്പിച്ചു. ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ്ജ് സിനില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ പി എം സുമേഷ്, ക്ഷീരവികസന ഓഫീസർ വിധു വർക്കി തുടങ്ങിയവർ പങ്കെടുത്തു.

## പ്രൊജക്ട് അസിസ്റ്റന്റ് നിയമനം

അഴീക്കോട് മേഖലാ ചെമ്മീൻ വിത്തുൽപ്പാദനകേന്ദ്രത്തിൽ പ്രൊജക്ട് അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. ഫിഷറീസ് സയൻസിലുള്ള ബിരുദമോ, ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ അക്വാകൾച്ചർ, മരികൾച്ചർ, ഇൻഡസ്ട്രിയൽ ഫിഷറീസ്, മറൈൻ ബയോളജി, അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് എന്നീ വിഷയങ്ങളിലുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂലൈ 20 രാവിലെ 10.30 ന് അഴീക്കോട് മേഖലാ ചെമ്മീൻ വിത്തുൽപ്പാദനകേന്ദ്രം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0480-2819698.

## വായനപക്ഷാചരണം:
## ക്വിസ് മത്സരം ആറിന്

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ വായനപക്ഷാചരണം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പിഎൻ പണിക്കർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ തൃശൂർ ഗവ. മോഡൽ ഗേൾസ് സ്കൂളിൽ ജൂലൈ ആറിന് ഹൈസ്കൂൾതല ക്വിസ് മത്സരം നടത്തും. ഒരു സ്കൂളിൽ നിന്നും രണ്ടു പേർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം രാവിലെ ഒൻപതിന് എത്തണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

## ഐ ടി മത്സരം:
## ഭിന്നശേഷിക്കാർക്ക് പങ്കെടുക്കാം

നാഷണൽ ഐടി മത്സരത്തിൽ പങ്കെടുക്കുന്നതിന് 13 നും 21 നും ഇടയിൽ പ്രായമുള്ള അന്ധർ, ബധിരർ, ശാരീരിക അവശതയുള്ളവർ, ബുദ്ധിവൈകല്യമുള്ളവർ വിഭാഗങ്ങളിൽപെട്ട ഭിന്നശേഷിക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ജൂലൈ അഞ്ചിനകം ദി ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബലിറ്റീസ്, റൂം നമ്പർ 518, അന്ത്യോദയ ഭവൻ, സിജിഒ കോംപ്ലക്സ്, ന്യൂഡെൽഹി എന്ന വിലാസത്തിലോ kvs.rao13@nic.in എന്ന ഇ-മെയിലോ അപേക്ഷ നൽകണം. ഫോൺ : 0487-2321702.

## മോഡൽ പോളിടെക്നിക്ക്
## ലാറ്ററൽ എൻട്രി പ്രവേശനം

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന വടകര (കോഴിക്കോട്-ഫോൺ: 0496-2524920, 8547005079), മാള (കല്ലേറ്റുംകര- 0480-2233240, 8547005080), മറ്റക്കര (കോട്ടയം 0481-2542022, 8547005081), കല്ല്യാശ്ശേരി (കണ്ണൂർ - 0497-2780287, 8547005082), പൈനാവ് (ഇടുക്കി 0486-2232246, 8547005084), കരുനാഗപ്പള്ളി (കൊല്ലം 0476-2623597, 8547005083) പൂഞ്ഞാർ (കോട്ടയം 0482-2209265, 8547005085) കുഴൽമന്ദം (പാലക്കാട് 0492-2272900, 8547005086) എന്നീ എട്ട് മോഡൽ പോളിടെക്നിക്ക് കോളേജുകളിൽ ഈ അദ്ധ്യയനവർഷത്തിൽ എഞ്ചിനീയറിങ് ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് ലാറ്ററൽ എൻട്രി സ്കീമിൽ രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോമും പ്രോസ്പെക്ടസും www.ihrd.ac.in ൽ ലഭ്യമാണ്. കൂടുതൽ വിവരം അതത് കോളേജിൽ നിന്നും ലഭിക്കും.